# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.925 — 09/08/2017 - ൽ മറുപടിക്ക്

### ഇ.എസ്.ഐ. ഡിസ്പെൻസറികളിലെയും ആശുപത്രികളിലെയും ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.നൗഷാദ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മെഡിക്കൽ ഇൻഷ്വറൻസ് ക്ലെയിം ഉള്ള ഇൻഷ്വേർഡ് പേഴ്സൺസ് (ഐ.പി)-ന്റെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി സംസ്ഥാനത്തെ ഇ.എസ്.ഐ. ഡിസ്പെൻസറികളിലെയും ആശുപത്രികളിലെയും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണവും വർദ്ധിപ്പിക്കണമെന്ന വിവിധ ട്രേഡ് യൂണിയനുകളുടെ ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ ഈ ആവശ്യത്തിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തെ ഇ.എസ്.ഐ ആശുപത്രികളിലേയും ഡിസ്പെൻസറികളിലേയും ജീവനക്കാരുടെ എണ്ണം ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമല്ലായിരുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ഗുണഭോക്താക്കൾക്കനുസൃതമായി ജീവനക്കാരെ പുനർ വിന്യസിച്ച് 05.06.2017 ലെ സ.ഉ (സാധാ) നം. 720/2017/തൊഴിൽ പ്രകാരവും 12.07.2017 ലെ സ.ഉ (സാധാ) നം. 898/2017/തൊഴിൽ പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇൻഷ്വേർഡ് പേഴ്സൺസ് (ഐ.പി) ന്റെ എണ്ണത്തിനാനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിഷയവും പരിശോധിച്ചുവരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഇൻഷ്വേർഡ് പേഴ്സൺസ്-ന്റെ എണ്ണം ജില്ല തിരിച്ച് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ ഇൻഷ്വേർഡ് പേഴ്സൺസിന്റെ ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമല്ല. ഇ.എസ്.ഐ. കോർപ്പറേഷൻ സബ് റീജിയൺ തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (31.03.2017 വരെ). |

| സബ് റീജിയണൽ ഓഫിസ് | ഐ.പി.കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 120480 |
| കൊല്ലം | 126800 |
| എറണാകുളം | 394640 |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ 141990<br>കോഴിക്കോട് 145250<br>ആകെ 929160 |
| (സി) | കൊല്ലം ജില്ലയിലെ ഇ.എസ്.ഐ ഡിസ്പെൻസറികളിലും ആശുപത്രികളിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഉടൻ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | കൊല്ലം ജില്ലയിൽ സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ ഇ.എസ്.ഐ ആശുപത്രികളൊന്നുമില്ല. ഇ.എസ്.ഐ ഡിസ്പെൻസറികൾ മാത്രമാണുള്ളത് . ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (എ.ഐ.എം.ഒ) തസ്തികയുടെ കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി 10.10.2013 ൽ തീർന്നതിനാലാണ് സ്ഥിരം ഡോക്ടർമാരെ നിയമിക്കാൻ കഴിയാഞ്ഞത്. എന്നാൽ കേരള പബ്ലിക്ക് സർവീസ് കമ്മീഷനിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. 28.06.2017 ന് കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ ടി തസ്തികയുടെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് എല്ലാ ഒഴിവുകളും നികത്തുന്നതാണ്.കൊല്ലം ജില്ലയിൽ നിലവിലുള്ള എ.ഐ.എം.ഒ (ഹോമിയോ) തസ്തികയുടെ ഒരു ഒഴിവും ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയുടെ 6 ഒഴിവുകളും കേരള പബ്ലിക്ക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>ഇ.എസ്.ഐ കോർപ്പറേഷന്റെ സ്ഥാപനങ്ങളിലെ ഒഴിവുകളിൽ ഇ.എസ്.ഐ.സി ഹെഡ്ക്വാർട്ടേഴ്സിൽ നിന്നാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ